'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 'ക്ഷീരാമൃതം' പദ്ധതിയിൽ സംസ്ഥാനത്തിനകത്തു നിന്നു തന്നെ പശുക്കളെ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.5/2020/LSGD തീയതി,തിരുവനന്തപുരം, 01/01/2020

---

പരാമർശം:- 1 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.9.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.25-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 19,25,000/- രൂപ അടങ്കലിൽ ഏറ്റെടുത്ത 'ക്ഷീരാമൃതം' പദ്ധതിയിൽ അർഹരായ 70 വനിതകൾക്ക്, 55,000/-രൂപ ചെലവഴിച്ച് ഒരു പശുവിനെ വാങ്ങുമ്പോൾ 27,500/-രൂപ സബ്സിഡി എന്ന രീതിയിൽ നല്കാൻ വിഭാവനം ചെയ്യുന്നു. മാർഗ്ഗരേഖ പ്രകാരം പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്നാണ് വാങ്ങേണ്ടത്. സംസ്ഥാനത്തിന് പുറത്തു നിന്ന് വാങ്ങുന്ന പശുക്കൾക്ക് ഗുണനിലവാരം കുറവാണെന്നും രോഗപ്രതിരോധ ശേഷി ഇല്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനകത്തു നിന്നു തന്നെ പശുക്കളെ വാങ്ങി നൽകാൻ അനുമതിക്കായി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ 06.12.2019-ലെ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയുണ്ടായി. യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചതനുസരിച്ച് അനുമതി നൽകാൻ പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ഏറ്റെടുത്ത 'ക്ഷീരാമൃതം' പദ്ധതിയിൽ ആവശ്യമായ പശുക്കളെ സംസ്ഥാനത്തിനകത്തു നിന്നു തന്നെ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്,കൊല്ലം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 13:40:29 IST
Reason: Approved

സെക്ഷൻ ഓഫീസർ